# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

ECHO OF HIS CALL REACHING NATIONS SINCE 1969

1969 TO 2025

**India's National Spiritual Newspaper**

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXXI | YEAR OF OUR LORD JESUS CHRIST, 2025 OCTOBER | No. 12


**വിശുദ്ധ വേദപുസ്തകം**


ഭക്തിയായി ഈ ഭാഗം മനഃപാഠമാക്കുക

**സങ്കീർത്തനങ്ങൾ 29:1 – 9**

01. ദൈവപുത്രന്മാരേ,യഹോവെക്കു കൊടുപ്പിൻ, യഹോവെക്കു മഹത്വവും ശക്തിയും കൊടുപ്പിൻ.
02. യഹോവെക്കു അവന്റെ നാമത്തിന്റെ മഹത്വം കൊടുപ്പിൻ; വിശുദ്ധാലങ്കാരം ധരിച്ചു യഹോവയെ നമസ്കരിപ്പിൻ.
03. യഹോവയുടെ ശബ്ദം വെള്ളത്തിന്മീതെ മുഴങ്ങുന്നു; പെരുവെള്ളത്തിന്മീതെ യഹോവ, മഹത്വത്തിന്റെ ദൈവം തന്നേ, ഇടി മുഴക്കുന്നു.
04. യഹോവയുടെ ശബ്ദം ശക്തിയോടെ മുഴങ്ങുന്നു; യഹോവയുടെ ശബ്ദം മഹിമയോടെ മുഴങ്ങുന്നു.
05. യഹോവയുടെ ശബ്ദം ദേവദാരുക്കളെ തകർക്കുന്നു; യഹോവ ലെബാനോനിലെ ദേവദാരുക്കളെ തകർക്കുന്നു.
06. അവൻ അവയെ കാളക്കുട്ടിയെപ്പോലെയും ലെബാനോനെയും സിർയ്യോനെയും കാട്ടുപോത്തിൻ കുട്ടിയെപ്പോലെയും തുള്ളിക്കുന്നു.
07. യഹോവയുടെ ശബ്ദം അഗ്നിജ്വാലകളെ ചിന്നിക്കുന്നു.
08. യഹോവയുടെ ശബ്ദം മരുഭൂമിയെ നടുക്കുന്നു; യഹോവ കാദേശ് മരുവിനെ നടുക്കുന്നു
09. യഹോവയുടെ ശബ്ദം മാൻപേടകളെ പ്രസവിക്കുമാറാക്കുന്നു; അതു വനങ്ങളെ തോലുരിക്കുന്നു; അവന്റെ മന്ദിരത്തിൽ സകലവും മഹത്വം എന്നു ചൊല്ലുന്നു.

## നിങ്ങളുടെ അനുഗ്രഹപ്രദമായ ഭാവിയുടെ

# ഏഴു രഹസ്യങ്ങൾ!!



### SEVEN SECRETS OF YOUR BLESSED FUTURE!!

*സിസ്റ്റർ ഏഞ്ചൽ*



നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ ആശംസകൾ.

വിളിയുടെ പ്രതിധ്വനി മാസികയിലൂടെ എല്ലാ മാസവും നിങ്ങളെ കണ്ടുമുട്ടുന്നത് എനിക്കു വലിയ സന്തോഷം നൽകുന്നു. ദൈവകൃപയാൽ നിങ്ങൾ നന്നായി പ്രവർത്തിക്കുന്നുണ്ടെന്ന് ഞാൻ വിശ്വസിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്നു. നമ്മളിൽ ചിലർക്ക് ഇപ്പോൾ മികച്ചതായി തോന്നുന്നില്ല എങ്കിലും ഈ മാസിക വായിക്കാനായി തയ്യാറായതു വിശ്വാസത്തിന്റെ ചുവടുവയ്പാണ്. ഇപ്പോഴും എല്ലാം ദൈവത്തിന്റെ നിയന്ത്രണത്തിലാണെന്ന് ഓർക്കുവിൻ. അത് അവസാനിച്ചു എന്ന് അവൻ തന്നെ പറയുന്നതുവരെ അത് അവസാനിച്ചിട്ടില്ല.

"നിങ്ങളെത്തന്നെ സൂക്ഷിക്കുക" എന്ന വാചകം കഴിഞ്ഞ കുറെ ആഴ്ചകളായി എന്റെ ഹൃദയത്തിൽ ഉണ്ടായിരുന്നു. ഞാൻ അത് പഠിക്കാനും ചിന്തിക്കാനും തുടങ്ങി. ആ ചിന്തകളിൽ ചിലത് നിങ്ങളുമായി പങ്കിടുവാൻ ഞാൻ ആഗ്രഹിക്കുന്നു.

നമ്മെത്തന്നെ സൂക്ഷിക്കുവാനായി വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. സൂക്ഷിക്കുക എന്നാൽ പരിപാലിക്കുക, കരുതുക, ജാഗ്രത പാലിക്കുക, നമുക്കു ചുറ്റും എന്തൊക്കെയാണ് സംഭവിക്കുന്നത് എന്ന് ബോധവാന്മാരായിരിക്കുക എന്നാണ് അർത്ഥം. നാം നമ്മെത്തന്നെ സൂക്ഷിക്കേണ്ട ചില പ്രധാന മേഖലകൾ നോക്കാം.

3-ാം പേജിൽ തുടരും...


**Echo of His Call**

*Christian YouTube Channel!*



**An opportunity to pray with Pr. S. Sam Selva Raj!**

**Message & Prayer in 5 minutes!!**

**English, Hindi, Tamil & Telugu**

**Every day – From 2.00 A.M.**

**Tamil Sunday Service – 8.30 A.M.**

★ Please Subscribe and Share ★

ECHO OF HIS CALL REACHING NATIONS SINCE 1969

# ECHO OF HIS CALL - (Marching towards 60th year)

## *from your dearly beloved brother...*





**... അവൻ എന്റെ മുഖപ്രകാശരക്ഷയും എന്റെ ദൈവവുമാകുന്നു എന്നിങ്ങനെ ഞാൻ ഇനിയും അവനെ സ്തുതിക്കും – സങ്കീർത്തനങ്ങൾ 42:11**

കർത്താവിൽ പ്രിയ സുഹൃത്തുക്കളേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ വിലയേറിയ നാമത്തിൽ നിങ്ങൾക്ക് ആശംസകൾ!

നമ്മുടെ സ്വഭാവത്തെ പരിഷ്കരിക്കുവാനും നമ്മെ തന്നിലേക്ക് അടുപ്പിക്കുവാനുമായി ദൈവം നമ്മെ പ്രയാസകരമായ പല സാഹചര്യത്തിലൂടെയും കടന്നുപോകുവാൻ നമ്മെ അനുവദിക്കുന്നു എന്നത് സത്യമാണ്. ദാവീദ് അത്തരത്തിലുള്ള സാഹചര്യത്തിലൂടെ കടന്നുപോകുന്നത് സങ്കീർത്തനം 42 ൽ കാണുന്നു. ഭാരമുള്ള ഹൃദയത്തോടെയും സമാധാനത്തിനായി പോരാടുന്ന ആത്മാവോടെയും അവൻ മലകളിൽനിന്ന് താഴ്വരകളിലേക്കും മരുഭൂമിയിൽനിന്നും നദീതീരങ്ങളിലേക്കും അലഞ്ഞുനടന്നു. ഇതിന്റെയെല്ലാം മദ്ധ്യേയും ദൈവത്തിൽ കൂടുതലായി ആശ്രയിക്കുവാൻ തന്റെ ആത്മാവിനെ പ്രേരിപ്പിച്ചു.

വേദനയുടെ മദ്ധ്യേ ദൈവത്തെ സ്തുതിക്കുക, പ്രശ്നങ്ങളുടെ മദ്ധ്യേ അവനെ വിശ്വസിക്കുക, പോരാട്ടങ്ങളുടെ മദ്ധ്യേ അവനിൽ സന്തോഷിക്കുക, എത്ര ഇരുണ്ട രാത്രിയായാലും അവന്റെ സത്യത്തിൽ പറ്റിച്ചേർന്നു നിൽക്കുക എന്നതൊക്കെയാണ് ആഴത്തിലുള്ള വിശ്വാസം ഉണ്ടായിരിക്കുക എന്നതിന്റെ അർത്ഥം. ഇത് എന്റെയും വ്യക്തിപരമായ അനുഭവമാണ്. കർത്താവ് അതിലൂടെ നിങ്ങളെയും നടത്തുമെന്ന് ഞാൻ വിശ്വസിക്കുന്നു.

പ്രത്യാശ വേരാണെങ്കിൽ സ്തുതിയാണ് ഫലം. സ്തുതിയും ആരാധനയും നമ്മുടെ വിശ്വാസത്തിന്റെ വേരുകളെ ആഴത്തിലാക്കുന്നു. നിങ്ങൾ നിരാശയിലാണെങ്കിൽ ഹൃദയം നഷ്ടപ്പെടരുത്. പ്രത്യാശ ഉപേക്ഷിക്കരുത്! കാത്തിരിക്കുക!! ധൈര്യമായിരിക്കുക!!! **ദൈവത്തിൽ നിങ്ങളുടെ പ്രത്യാശ വയ്ക്കുക.** "ഞാൻ എങ്ങനെ ദൈവത്തിൽ പ്രത്യാശ വയ്ക്കും" എന്നു നിങ്ങൾ ചോദിച്ചേക്കാം. ഉത്തരം ലളിതമാണ്: ദാവീദ് ചെയ്തതുപോലെ ചെയ്യുക.

"എന്തെന്നാൽ ഞാൻ ഇനിയും അവനെ സ്തുതിക്കും". രോഗാവസ്ഥയിൽ അവനെ സ്തുതിക്കുക. നിങ്ങൾ അമിതമായ സാമ്പത്തിക ബാദ്ധ്യതകൾ നേരിടുമ്പോൾപോലും നന്ദിയോടെ അവനെ സ്തുതിക്കാൻ മറക്കരുത്. അവൻ നിങ്ങളെ ലജ്ജിതരാകാൻ അനുവദിക്കുകയില്ല. എല്ലാം ശരിയായി നടക്കുമ്പോൾ ആരാധിക്കാൻ എളുപ്പമാണ്. എന്നാൽ എല്ലാം നമുക്ക് എതിരായി തോന്നുമ്പോൾ ദൈവത്തെ ആരാധിക്കുന്നത് ഉറച്ച പ്രത്യാശയുടെ അടയാളമാണ്. അത്തരം വിശ്വാസത്തിൽ ദൈവം സന്തോഷിക്കുന്നു.

ദാവീദിന്റെ ജീവിതത്തിൽ ഇത് സത്യമായിരുന്നു. ദൈവം അവന്റെ ശത്രുക്കളെ പരാജയപ്പെടുത്തി, നഷ്ടപ്പെട്ടതൊക്കെയും പുനഃസ്ഥാപിച്ചു. ഇയ്യോബിന്റെ കാര്യത്തിലും ഇതു തന്നെ സംഭവിച്ചു. ഇയ്യോബിന് എല്ലാം നഷ്ടമായെങ്കിലും ഒടുവിൽ ദൈവം അവന് ഇരട്ടിയായി നൽകി അനുഗ്രഹിച്ചു. തിരുവെഴുത്ത് പറയുന്നു: **യഹോവ ഇയ്യോബിന്റെ മുഖത്തെ ആദരിച്ചു** (ഇയ്യോബ് 42:9). തമിഴ് പരിഭാഷ പറയുന്നത്: കർത്താവായ ദൈവം ഇയ്യോബിന്റെ മുഖത്തേക്കു നോക്കി! എത്ര അനുഗ്രഹീതമായ അനുഭവം! അതുപോലെ, ദൈവം നിങ്ങളെ പരിപാലിക്കും. അവനിൽ പ്രത്യാശ വയ്ക്കുക, നിങ്ങൾ അവന്റെ നന്മ കാണും.

ദൈവം ഞങ്ങളുടെ ശുശ്രൂഷകളെ സമൃദ്ധിയായി അനുഗ്രഹിക്കുന്നു. **യഹോവ എന്റെ ഇടയനാകുന്നു;എനിക്കു മുട്ടുണ്ടാകയില്ല** (സങ്കീർത്തനങ്ങൾ 23:1). ഈ മാസം കർത്താവ് നമ്മെ ഇങ്ങനെയുള്ള കൃപകളാൽ അഭിഷേകം ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു.

വിളിയുടെ പ്രതിധ്വനിക്കുവേണ്ടി നിരന്തരമായി പ്രാർത്ഥിക്കുകയും ദൈവം നിങ്ങളെ പ്രേരിപ്പിക്കുന്നതുപോലെ സഹായിക്കുകയും ചെയ്യുവിൻ. ദൈവം നിങ്ങളെ സമൃദ്ധിയായി അനുഗ്രഹിക്കട്ടെ.

*ക്രിസ്തുയേശുവിൽ നിങ്ങളുടെ സേവകൻ*

*പാസ്റ്റർ. എസ്. സാം സെൽവരാജ്* ഇമെയിൽ : sam@echoofhiscall.org

**ഞങ്ങളുടെ നിയോഗം**

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

HON. EDITOR-IN-CHIEF
Rev.Dr. Angeline S. Kumari, M.A., M.Sc., M.Ed.
EX MANAGING EDITOR
Pastor Alex Samson Sam, B.Th., M.Div.
GENERAL MANAGER
Bro. N. Prakasam, M.A., M.Sc.(C&P), PGDHRM, MBA.
ADMINISTRATION
Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)
EDITORIAL BOARD
Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Rev. Dr. K.R. Rajasekaran
Rev. Dr. William Robert, Ph.D., DD, D.Lit.

EDITOR, PUBLISHER & PRINTER
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858 95661 31858
E.MAIL
sam@echoofhiscall.org
biblecor@yahoo.co.in
WEBSITES
www.echoofhiscall.org
www.stpaulsmatriculation.org
YOUTUBE CHANNEL
Echo of His Call

Our Ministries: ECHO OF HIS CALL Monthly Magazines (16 languages) ▫ BIBLECOR - Postal Courses (3 languages) ▫ YouTube Ministry ▫ Online Courses ▫ Theological Correspondence Courses (2 languages) ▫ Church Planting ▫ Nehemiah Bible Colleges ▫ Gospel Printing Press ▫ Great Commission Partners ▫ St. Paul's Matriculation School ▫ Crusades ▫ Community Development

1-ാം പേജിന്റെ തുടർച്ച...

### 1. നിങ്ങളുടെ ഹൃദയത്തെ സൂക്ഷിക്കുക!

**സകല ജാഗ്രതയോടുംകൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക; ജീവന്റെ ഉത്ഭവം അതിൽനിന്നല്ലോ ആകുന്നതു.** സദൃശ്യവാക്യങ്ങൾ 4:23

ഹൃദയത്തിന്റെ എബ്രായ പദം "ലെബ്" എന്നാണ്. അത് നമ്മുടെ വികാരങ്ങളുടെയും ചിന്തകളുടെയും ഇരിപ്പിടത്തെ സൂചിപ്പിക്കുന്നു. നമ്മൾ ചിന്തിക്കുകയും വിവേചിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നത് ഇവിടെ നിന്നാണ്. നമ്മുടെ ഹൃദയത്തിന്റെ അവസ്ഥയാണ് നമ്മുടെ മുഴുവൻ ജീവിതത്തെയും ദിശയെയും രൂപപ്പെടുത്തുന്നതെന്നതിനാലാണ് ഹൃദയത്തെ സംരക്ഷിക്കുന്നതിന് വേദപുസ്തകം ഊന്നൽ നൽകുന്നത്.

നാം ആരാണെന്ന് നമ്മുടെ ഹൃദയം നിർവചിക്കുന്നു. മനസ്സിലാക്കാൻ പ്രയാസമുള്ളതും പലപ്പോഴും നമ്മുടെ ചിന്തകൾക്ക് അതീതവുമായ നമ്മുടെ അസ്തിത്വത്തിലെ ഏറ്റവും സങ്കീർണ്ണമായ അവയവവുമാണ്. അതുകൊണ്ടാണ് **എന്നെ പരീക്ഷിച്ച് എന്റെ നിനവുകളെ അറിയേണമേ** എന്ന് ദാവീദ് പ്രാർത്ഥിക്കുന്നത്. ഹൃദയം സങ്കീർണ്ണമായ അവയവമായതിനാൽ സൃഷ്ടാവിനു മാത്രമേ അത് യഥാർത്ഥത്തിൽ അന്വേഷിക്കുവാനും അതിൽ മറഞ്ഞിരിക്കുന്ന ദുഷ്ടത തുറന്നു കാട്ടാനും അതിനെ ശുദ്ധീകരിക്കുവാനും കഴിയൂ.

നമ്മുടെ ഹൃദയത്തിന്റെ പാപം മാത്രമല്ല, അത് വഹിക്കുന്ന വേദനയും മുറിവുകളും ദൈവം കാണുന്നു. സങ്കീർത്തനക്കാരൻ പ്രഖ്യാപിക്കുന്നത്: **യഹോവേ, എന്നെ പരീക്ഷിച്ചു ശോധന ചെയ്യേണമേ, എന്റെ അന്തരംഗവും എന്റെ ഹൃദയവും പരിശോധിക്കേണമേ** (സങ്കീർത്തനങ്ങൾ 26:2). നമ്മുടെ ഉദ്ദേശ്യങ്ങളും പ്രവൃത്തികളും എപ്പോഴും ഒത്തുപോകുന്നില്ല. നമുക്ക് ശരിയും നിർമ്മലവുമായി തോന്നുന്നത് ദൈവത്തിന്റെ ദൃഷ്ടിയിൽ വ്യത്യാസമായിരിക്കാം, കാരണം "യഹോവ ആത്മാവിനെ തൂക്കിനോക്കുന്നു".

**യഹോവയായ ഞാൻ ഹൃദയത്തെ ശോധന ചെയ്തു അന്തരംഗങ്ങളെ പരീക്ഷിച്ചു ഓരോരുത്തന്നു അവനവന്റെ നടപ്പിന്നും പ്രവൃത്തിയുടെ ഫലത്തിന്നും തക്കവണ്ണം കൊടുക്കുന്നു** (യിരെമ്യാവ് 17:10) എന്ന് തിരുവെഴുത്ത് നമ്മെ ഓർമ്മിപ്പിക്കുന്നു. അതുകൊണ്ടാണ് നമ്മുടെ ഹൃദയത്തെ സ്വാധീനിക്കുന്ന കാര്യങ്ങളിൽ നാം ശ്രദ്ധാലുവായിരിക്കേണ്ടത്.

സകല ജാഗ്രതയോടുംകൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക; ജീവന്റെ ഉത്ഭവം അതിൽ നിന്നല്ലോ ആകുന്നതു (സദൃശ്യവാക്യങ്ങൾ4:23). അവൻ തന്റെ മനസ്സിൽ കണക്കുകൂട്ടുന്നതുപോലെയാകുന്നു എന്ന് സദൃശ്യവാക്യങ്ങൾ 23:7 ൽ പഠിപ്പിക്കുന്നു.

പ്രിയ ദൈവമക്കളേ, സമൂഹ മാദ്ധ്യമങ്ങളിലൂടെയോ, വായിക്കുന്ന പുസ്തകങ്ങളിലൂടെയോ, കാണുന്ന സിനിമകളിലൂടെയോ സുഹൃദ് സംഭാഷണങ്ങളിലൂടെയോ നിങ്ങളുടെ ഹൃദയത്തിൽ പ്രവേശിക്കുന്ന കാര്യങ്ങളെക്കുറിച്ച് ജാഗ്രത പാലിക്കുകയും കരുതിയിരിക്കുകയും ചെയ്യുക. ഓരോ സ്വാധീനവും പ്രധാനമാണ്, കാരണം നിങ്ങളുടെ ഹൃദയമാണ് ആത്യന്തികമായി നിങ്ങളുടെ ജീവിതത്തിന്റെ ദിശയെ രൂപപ്പെടുത്തുന്നത്.

### 2. നിങ്ങളുടെ വായിനെ സൂക്ഷിക്കുക!

വായ് എന്നു പറയുമ്പോൾ നാവും ഉൾപ്പെടും - അത് ശക്തമായ ആയുധമാണ്.

**അങ്ങനെ തന്നെ നാവും ചെറിയ അവയവം എങ്കിലും വളരെ വമ്പു പറയുന്നു. കുറഞ്ഞ തീ എത്ര വലിയ കാടു കത്തിക്കുന്നു. നാവും ഒരു തീ തന്നേ; അത് ..... ദേഹത്തെ മുഴുവൻ മലിനമാക്കി ജീവചക്രത്തിന്നു തീ കൊളുത്തുകയും നരകത്താൽ അതിന്നു തീ പിടിക്കുകയും ചെയ്യുന്നു** (യാക്കോബ് 3:5,6).

നമ്മുടെ വായിൽ നിന്നും വരുന്ന വാക്കുകൾ ഒരു വ്യക്തിയെ കെട്ടിപ്പടുക്കുകയോ തകർക്കുകയോ ചെയ്യുന്നു. അതുകൊണ്ട് നമ്മുടെ വാക്കുകളുടെ ശക്തി മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്.

പലപ്പോഴും നാം ദേഷ്യത്തിൽ സംസാരിക്കുകയും ഞാൻ അങ്ങനെ അല്ല ഉദ്ദേശിച്ചത് എന്നു ഒഴികഴിവു പറയുകയും ചെയ്യുന്നു. പലപ്പോഴും നാം ഏറ്റവും കൂടുതൽ സ്നേഹിക്കുന്നവരിൽ നമ്മുടെ കോപവും നിരാശയുമെല്ലാം പ്രകടിപ്പിക്കുവാനുള്ള ആയുധമായി കാണുന്നു. പലപ്പോഴും ഇത് വളരെയധികം പരുഷവും വേദനാജനകവുമാകുന്നു എന്നതാണ് ദുഃഖകരമായ സത്യം.

തിരികെ പറയുവാൻ കഴിയാത്തവരോടു നാം എത്ര പ്രാവശ്യമാണ് ദേഷ്യപ്പെട്ടിട്ടുള്ളത്?

**വേദപുസ്തകം മുന്നറിയിപ്പ് നൽകുന്നു:**

**വായും നാവും സൂക്ഷിക്കുന്നവൻ തന്റെ പ്രാണനെ കഷ്ടങ്ങളിൽനിന്നു സൂക്ഷിക്കുന്നു** (സദൃശ്യവാക്യങ്ങൾ 21:23). **യഹോവേ, എന്റെ വായക്കു ഒരു കാവൽ നിർത്തി, എന്റെ അധരദ്വാരം കാക്കേണമേ** (സങ്കീർത്തനം 141:3) എന്നു സങ്കീർത്തനക്കാരൻ പ്രാർത്ഥിച്ചു.

ഇതു തന്നെ നമ്മുടെ പ്രാർത്ഥനയും ആയിരിക്കട്ടെ. നമ്മുടെ വാക്കുകൾ ശ്രദ്ധയോടെ ആയിരിക്കട്ടെ.

### 3. നിങ്ങളുടെ കാലടികൾ സൂക്ഷിക്കുക!

**കാൽ സൂക്ഷിക്ക...** (സഭാപ്രസംഗി 5:1).

നാം എടുക്കുന്ന ഓരോ ചുവടും നമ്മുടെ വിധിയെ രൂപപ്പെടുത്തുന്നു. അതിനാൽ ശ്രദ്ധാപൂർവ്വം നടക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കാലുകൾ വയ്ക്കുന്ന ഇടവും, പോകുന്ന ദിശയും സൂക്ഷ്മമായി ശ്രദ്ധിക്കണം.

നാം എവിടെ പോകുന്നു, പോകുന്നതിന്റെ ഉദ്ദേശ്യം എന്ത് എന്നതിനെക്കുറിച്ച് ജാഗ്രത പാലിക്കേണ്ടത് അത്യാവശ്യമാണ്. ഒരു തെറ്റായ ചുവടു നാം എങ്ങനെയായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നിടത്തുനിന്ന് നമ്മെ അകറ്റുമെന്ന് തിരിച്ചറിയുന്നില്ല. മടങ്ങിവരാൻ വർഷങ്ങളെടുത്തേക്കാം, വിലയേറിയ സമയം നഷ്ടമാകുകയും ചെയ്യും.

## വളരെ അടിയന്തരമായ അറിയിപ്പ്!




**വിളിയുടെ പ്രതിധ്വനി** തപാലിലൂടെ അയയ്ക്കുന്നതുമായി ബന്ധപ്പെട്ട് സമീപഭാവിയിൽ തടസ്സങ്ങൾ നേരിടാൻ സാദ്ധ്യതയുള്ളതിനാൽ **വിളിയുടെ പ്രതിധ്വനി** മാസിക തുടർന്നും ലഭിക്കണമെന്ന് താല്പര്യമുള്ളവർ നിങ്ങളുടെ പേര്, വിലാസം, ഇ-മെയിൽ, വാട്ട്സ്ആപ് നമ്പർ മുതലായവ ഞങ്ങളെ കത്ത്, ഇ-മെയിൽ, ഫോൺ, SMS, വാട്ട്സ്ആപ് എന്നിവയിലൂടെ എത്രയും വേഗം ഞങ്ങളെ അറിയിക്കുവിൻ.

നിങ്ങളുടെ പിന്താങ്ങൽ നിങ്ങളെ കൂടുതലായി സേവിക്കുവാൻ ഞങ്ങളെ സഹായിക്കുന്നു.

**ഞങ്ങളുടെ വിലാസം:**

**വിളിയുടെ പ്രതിധ്വനി,**
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ 600 005, ഇന്ത്യ
ഫോൺ: (+91) 98412 71858 ഇ-മെയിൽ: sam@echoofhiscall.org

അതുകൊണ്ട്, നമ്മുടെ പദ്ധതികൾ ദൈവത്തിനു സമർപ്പിക്കുകയും അവന്റെ ഇഷ്ടപ്രകാരം അവയെ യോജിപ്പിക്കുകയും ചെയ്യുന്നതാണ് ബുദ്ധി. സദൃശ്യവാക്യങ്ങൾ 16:9 നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ **മനുഷ്യന്റെ ഹൃദയം തന്റെ വഴിയെ നിരൂപിക്കുന്നു; അവന്റെ കാലടികളെയോ യഹോവ ക്രമപ്പെടുത്തുന്നു.** നമ്മുടെ ദൈവം ആൽഫയും ഒമേഗയുമാണ്. അവൻ ഭൂതകാലത്തെയും വർത്തമാനത്തെയും ഭാവിയെയും അറിയുന്നു. അവൻ നമ്മുടെ വിജയ പരാജയങ്ങളെയും കാണുന്നു. നാം അവന്റെ കരങ്ങളിൽ സർവ്വവും സമർപ്പിക്കുമ്പോൾ, അവൻ നമ്മെ അഗാധമായി സ്നേഹിക്കുന്നതിനാൽ അവന്റെ പദ്ധതികൾ നമുക്കു നല്ലതായിരിക്കും. അവൻ നമുക്കുവേണ്ടി ജീവൻ നൽകി, ഉയിർത്തെഴുന്നേറ്റു, ഇപ്പോൾ തന്റെ പരമാധികാരത്തിൻകീഴിൽ ആശ്രയിക്കുവാൻ നമ്മെ വിളിക്കുകയാണ്.

**എന്റെ കാലടികളെ നിന്റെ വചനത്തിൽ സ്ഥിരമാക്കേണമേ; യാതൊരു നീതികേടും എന്നെ ഭരിക്കരുതേ** (സങ്കീർത്തനം 119:133) എന്നതായിരിക്കട്ടെ നമ്മുടെ പ്രാർത്ഥന. എന്റെ എല്ലാ യുവസുഹൃത്തുക്കളോടും എന്റെ അഭ്യർത്ഥന ഇതാണ്: നിങ്ങളുടെ യൗവ്വനത്തിൽ നിങ്ങളുടെ വഴികൾ കർത്താവിനു സമർപ്പിക്കുവിൻ. നിങ്ങൾക്ക് ഒരിക്കലും അതിൽ ഖേദിക്കേണ്ടിവരികയില്ല.

അഭിലാഷത്തിനും അത്യാഗ്രഹത്തിനും

## 4. അത്യാഗ്രഹത്തിൽനിന്നു സംരക്ഷിക്കുക!

ഇടയിൽ വളരെ നേർത്ത ഒരു രേഖയുണ്ട്. അഭിലാഷം ആരോഗ്യകരമാകാം, പക്ഷെ അത്യാഗ്രഹം വിനാശകരമാണ്. **സകല ദ്രവ്യാഗ്രഹവും സൂക്ഷിച്ചു ഒഴിഞ്ഞുകൊൾവിൻ** (ലൂക്കൊസ് 12:15).

ഓക്സ്ഫോർഡ് നിഘണ്ടു അത്യാഗ്രഹത്തെ നിർവചിക്കുന്നത് "ഒരു വ്യക്തിക്ക് ആവശ്യമുള്ളതിനേക്കാൾ കൂടുതൽ സമ്പത്തിനോ, സ്വത്തിനോ, അധികാരത്തിനോ വേണ്ടിയുള്ള അമിതമായ ആഗ്രഹം, അല്ലെങ്കിൽ ആവശ്യത്തിലധികം ഭക്ഷണത്തിനോ പാനീയത്തിനോ വേണ്ടിയുള്ള ശക്തമായ ആഗ്രഹം" എന്നാണ്. അമിതമായ, ശക്തമായ എന്നീ വാക്കുകൾ ശ്രദ്ധിക്കുക. അത്യാഗ്രഹത്തിൽനിന്ന് അഭിലാഷത്തെ വേർതിരിക്കുന്നത് ഇവയാണ്.

ഉള്ളതുകൊണ്ട് തൃപ്തിപ്പെടാൻ വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. പണത്തിനോടുള്ള ആർത്തിയിൽനിന്ന് മുക്തരാകുവിൻ. **നിങ്ങളുടെ നടപ്പ് ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കട്ടെ; ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവിൻ; ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല** (എബ്രായർ 13:5).

നമ്മുടെ സംതൃപ്തി എന്നത് നാം ആഗ്രഹിക്കുന്നതെല്ലാം മുമ്പിൽ ഉണ്ട് എന്നതിന്റെ അടിസ്ഥാനത്തിലല്ല. ലോകത്തെയും അതിലുള്ള എല്ലാത്തിനെയും കൈകളിൽ വഹിക്കുന്ന ദൈവത്തെ അറിയുന്നതിലൂടെയാണ്. സാഹചര്യങ്ങളെയെല്ലാം നിയന്ത്രിക്കുവാനും നമ്മുടെ നന്മക്കായി പ്രവർത്തിക്കുവാനും അവനു ശക്തിയുണ്ട്. നമ്മെ ഒരിക്കലും ഉപേക്ഷിക്കുകയില്ല എന്ന് അവൻ വാഗ്ദത്തം ചെയ്തിട്ടുണ്ട്. അവൻ നമ്മെ ഒരിക്കലും പാതിവഴിയിൽ ഉപേക്ഷിക്കുകയില്ല. വിശ്വസ്തതയോടെ നമ്മെ സഹായിക്കും എന്ന് പൂർണ്ണമായും വിശ്വസിക്കാം.

പാപത്തിന്റെയും ശാപത്തിന്റെയും അടിമത്തത്തിൽനിന്നും നമ്മെ മോചിപ്പിക്കാനായി സ്വന്തപുത്രനെ തന്നെ ബലിയായി നൽകി എങ്കിൽ നമ്മുടെ എല്ലാ ആവശ്യങ്ങൾക്കും അവൻ കരുതുകയില്ലേ? **സ്വന്തപുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കും വേണ്ടി ഏല്പിച്ചുതന്നവൻ അവനോടുകൂടെ സകലവും നമുക്കു നൽകാതിരിക്കുമോ?** (റോമർ 8:32).

പ്രിയ സഹോദരീസഹോദരന്മാരേ, ധൈര്യപ്പെടുക: അവൻ യഹോവ യിരേ-നമ്മുടെ ദാതാവ്. നമ്മുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റാൻ അവൻ പ്രാപ്തനാണ്. അവനെ മുറുകെ പിടിക്കുക, അവനിൽ വിശ്വസിക്കുക, അവൻ തന്റെ സ്വർഗ്ഗീയ സമൃദ്ധിയാൽ നിങ്ങളെ അനുഗ്രഹിക്കും.

നാം സ്വയം സൂക്ഷിക്കേണ്ട ഏറ്റവും വലിയ അപകടങ്ങളിൽ ഒന്നാണ് ദ്രവ്യാഗ്രഹം. **ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിന്നും മൂലമല്ലോ** (1തിമൊഥെയൊസ് 6:10). സഭാപ്രസംഗി 5:10 നമ്മെ ഓർമ്മിപ്പിക്കുന്നത്: ദ്രവ്യപ്രിയന്നു ദ്രവ്യം കിട്ടീട്ടും ഐശ്വര്യപ്രിയന്നു ആദായം കിട്ടീട്ടും തൃപ്തിവരുന്നില്ല. സമ്പത്തിൽ നോട്ടമുള്ള ഹൃദയം ഒരിക്കലും സംതൃപ്തി പ്രാപിക്കുകയില്ല.

പണമല്ല പ്രശ്നമെന്ന് ദയവായി മനസ്സിലാക്കുക. ജീവിക്കുന്നതിനും കഠിനാദ്ധ്വാനം ചെയ്യുന്നതിനും കുടുംബത്തെ പരിപാലിക്കുന്നതിനും നമുക്ക് പണം ആവശ്യമാണ്. എന്നാൽ നമ്മുടെ ആത്മീയ ജീവിതത്തിന്റെയോ കുടുംബത്തിന്റെയോ ദൈവരാജ്യത്തോടുള്ള നമ്മുടെ പ്രതിബദ്ധതയുടെയോ ചെലവിൽ പണത്തിനുവേണ്ടിയുള്ള പരിശ്രമം വരുമ്പോൾ അത് അപകടകരമാകുന്നു. ദൈവത്തോടൊപ്പമുള്ള സമയം ത്യജിക്കുകയോ കൂട്ടായ്മയെ അവഗണിക്കുകയോ ദൈവവുമായുള്ള നിങ്ങളുടെ നടത്തത്തിൽ വിട്ടുവീഴ്ച ചെയ്യുകയോ വേണമെന്ന് ഒരു ജോലി ആവശ്യപ്പെടുന്നു എങ്കിൽ ആ ജോലി പ്രാർത്ഥനാപൂർവ്വം പുനർമൂല്യനിർണ്ണയം ചെയ്യേണ്ട സമയമാണിത്.

## 5. നിന്നെ ഏല്പിച്ചിരിക്കുന്നതു കാത്തു സൂക്ഷിക്കുക!

ദൈവം നിന്നെ ഏൽപ്പിച്ചിരിക്കുന്നവയെക്കുറിച്ച് ചിന്തിക്കുക. ബാഹ്യ സ്വാധീനത്തിൽ നിന്ന് അവയെ സംരക്ഷിക്കുവാൻ ശ്രദ്ധിക്കുക. ഇത് നിങ്ങളുടെ കുടുംബം, ജോലി, സാമ്പത്തികം, വിളി, അഭിഷേകം അല്ലെങ്കിൽ നിങ്ങളുടെ ശുശ്രൂഷ എന്നിവ ആകാം. നിങ്ങളുടെ ജീവിതം കൊണ്ട് അവയെ സംരക്ഷിക്കുക.

ഒരു താലന്തു മറച്ചുവച്ച ദാസനെ പോലെയാകരുത് നമ്മൾ. ദൈവം നമ്മുടെ കരങ്ങളിൽ ഏൽപ്പിച്ചിരിക്കുന്നത് നാം വർദ്ധിപ്പിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. നിങ്ങളുടെ കൈവശമുള്ളത് വിലമതിക്കുകയും അത് വിശ്വസ്തതയോടെ ഉപയോഗിക്കുകയും ചെയ്യുക. അതേസമയം, ദൈവം നിങ്ങളെ ഏൽപ്പിച്ച കാര്യങ്ങൾ കൈമാറേണ്ടത് പ്രധാനമാണ്. വചനം പറയുന്നു: **എന്നോടു കേട്ടത് മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്ക** (2തിമൊഥെയൊസ് 2:2).

പ്രിയരേ, ദൈവം നമുക്കുവേണ്ടി ചെയ്ത കാര്യങ്ങൾ നമ്മുടെ കുട്ടികളോടും, അടുത്ത തലമുറയോടും, ചുറ്റുമുള്ളവരോടും സാക്ഷ്യം പറയുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. അവനെ മഹത്വപ്പെടുത്തുന്ന ഒരു പാരമ്പര്യം അവശേഷിപ്പിക്കുക.

## 6. നന്നായി പൂർത്തിയാക്കാനും പ്രതിഫലം നേടാനും നിങ്ങളുടെ നടത്തം സൂക്ഷിക്കുക!

പലരും നല്ല രീതിയിൽ തുടങ്ങുന്നു എങ്കിലും വഴിയിൽ എപ്പോഴോ അവരുടെ ശ്രദ്ധ നഷ്ടപ്പെടുന്നു. സ്ഥിരതയാണ് ശക്തമായ പൂർത്തീകരണത്തിനുള്ള താക്കോൽ. ബൈബിൾ വായിക്കുകയോ പ്രാർത്ഥിക്കുകയോ സേവിക്കുകയോ സൽപ്രവൃത്തികൾ ചെയ്യുകയോ ചെയ്യുകയാണെങ്കിലും വിശ്വസ്തത അനുദിനം പ്രധാനമാണ്.

അടുത്തിടെ ഞാൻ ഒരു യുവാവിനെ കണ്ടുമുട്ടി, അവൻ ക്രിസ്തുവിനോടൊപ്പമുള്ള നടത്തം ഇഷ്ടപ്പെടുന്നു എന്നും എന്നാൽ സന്തുലിതാവസ്ഥ നിലനിർത്താൻ പാടുപെടുന്നു എന്നും പറഞ്ഞു. ബൈബിൾ വായിക്കുക, പ്രാർത്ഥിക്കുക, ആരാധിക്കുക, സുവിശേഷഗാനങ്ങളും സന്ദേശങ്ങളും കേൾക്കുക

7-ാം പേജിൽ തുടരും...

# പരമനിയോഗ ദൗത്യ പങ്കാളികൾ



**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**ഒക്ടോബർ 19** ⇨ വേദപുസ്തകം, ക്രിസ്തീയ സാഹിത്യങ്ങൾ തുടങ്ങിയവയുടെ അച്ചടിയിൽ ഏർപ്പെട്ടിരിക്കുന്ന ലോകം മുഴുവനുമുള്ളവർക്കായി.

**ഒക്ടോബർ 20** ⇨ നമ്മുടെ അസ്സോസിയേറ്റ് എഡിറ്റർമാർക്കും കുടുംബാംഗങ്ങളുടെയും അനുഗ്രഹത്തിനായി.

**ഒക്ടോബർ 21** ⇨ വൈവിധ്യമായ ശുശ്രൂഷകളിലൂടെ ലോകം മുഴുവനും സുവിശേഷം പ്രചരിപ്പിക്കുവാനായുള്ള സീനിയർ പാസ്റ്ററുടെ പ്രതിബദ്ധതക്കായി.

**ഒക്ടോബർ 22** ⇨ മറ്റുള്ള ശുശ്രൂഷകളെയും സഹായിക്കാനുള്ള മനസ്സ് ഞങ്ങൾക്ക് ഉണ്ടാകുവാനായി.

**ഒക്ടോബർ 23** ⇨ അസ്സോസിയേറ്റ് എഡിറ്റർമാരെയും കുടുംബങ്ങളെയും അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതിനായി.

**ഒക്ടോബർ 24** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ** കുട്ടികളുടെ സണ്ടേസ്കൂൾ പരിപാടിയിൽ പങ്കെടുക്കുന്ന പുതിയ കുട്ടികൾക്കായി.

**ഒക്ടോബർ 25** ⇨ **ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിന്റെയും തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സിന്റെയും** വളർച്ചക്കായി.

**ഒക്ടോബർ 26** ⇨ ഞങ്ങളുടെ പിന്തുണക്കുന്നവർക്കും ശുശ്രൂഷയിലെ അവരുടെ പങ്കാളിത്തത്തിനുമായി.

**ഒക്ടോബർ 27** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**ഒക്ടോബർ 28** ⇨ നെഹെമ്യ ബൈബിൾ കോളേജിന്റെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിൽ അവിടുത്തെ കരുണയ്ക്ക് നന്ദിയോടെ.

**ഒക്ടോബർ 29** ⇨ മുഖ്യ സഭയിലെ യുവജന ശുശ്രൂഷയുടെ വളർച്ചക്കായി.

**ഒക്ടോബർ 30** ⇨ ഞങ്ങളുടെ മിഷണറിമാരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**ഒക്ടോബർ 31** ⇨ മുഖ്യസഭയിലെ പുരുഷന്മാരുടെ യോഗത്തെ അനുഗ്രഹിച്ചതിനായി.

**നവംബർ 01** ⇨ കഴിഞ്ഞ മാസത്തെ ഞങ്ങളുടെ ആത്മീയവും സാമ്പത്തികവുമായ ആവശ്യങ്ങൾ നിറവേറ്റിയതിനായി.

**നവംബർ 02** ⇨ ഞങ്ങളുടെ സുവിശേഷ അച്ചടിശാലയുടെ നിരന്തരമായ പ്രവർത്തനത്തിനും ജീവനക്കാരുടെ സമർപ്പണത്തിനുമായി.

**നവംബർ 03** ⇨ ഞങ്ങളുടെ എല്ലാ ശുശ്രൂഷകളുടെയും ദൈവീക നടത്തിപ്പിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**നവംബർ 04** ⇨ ഞങ്ങളുടെ റെസിഡെൻഷ്യൽ, സായാഹ്ന **നെഹെമ്യാ ബൈബിൾ കോളേജിലെ** വിദ്യാർത്ഥികളുടെ അച്ചടക്കത്തിനും നല്ല സമർപ്പണത്തിനുമായി.

**നവംബർ 05** ⇨ എല്ലാ രാജ്യങ്ങളും തമ്മിലുള്ള ഐക്യത്തിനും സമാധാനത്തിനുമായി.

**നവംബർ 06** ⇨ മുഖ്യസഭയിലും ശാഖാ സഭകളിലുമുള്ള വിശ്വാസികളുടെയും കുടുംബാംഗങ്ങളുടെയും ക്ഷേമത്തിനായി.

**നവംബർ 07** ⇨ മയക്കുമരുന്നിന്റെ കെണിയിൽനിന്നും കുട്ടികളും യുവാക്കളും സംരക്ഷിക്കപ്പെടുവാൻ.

**നവംബർ 08** ⇨ അസ്സോസിയേറ്റ് എഡിറ്റർമാരുടെയും കുടുംബാംഗങ്ങളുടെയും ആരോഗ്യത്തിനും സംരക്ഷണത്തിനുമായി.

**നവംബർ 09** ⇨ ലോകമെമ്പാടുമുള്ള കുട്ടികളുടെ കടത്ത് അവസാനിപ്പിക്കുവാൻ.

**നവംബർ 10** ⇨ എല്ലാ ക്രിസ്തീയ ശുശ്രൂഷകളിലും സമൃദ്ധമായ അനുഗ്രഹങ്ങൾ, അത്ഭുതങ്ങൾ, അടയാളങ്ങൾ എന്നിവ ഉണ്ടാകുവാനായി.

**നവംബർ 11** ⇨ ഞങ്ങളുടെ പങ്കാളികൾ, സംസ്ഥാന കോഡിനേറ്റർമാർ, കുടുംബാംഗങ്ങൾ എന്നിവർക്കായി.

**നവംബർ 12** ⇨ ലോകത്തിന്റെ പല ഭാഗത്തെയും ബാധിക്കുന്ന സാമ്പത്തിക മാന്ദ്യത്തിൽ നിന്നുള്ള മോചനത്തിനായി.

**നവംബർ 13** ⇨ ഭൂമിയിൽ ദൈവരാജ്യം കെട്ടിപ്പടുക്കുന്നതിനുള്ള കേന്ദ്രീകൃത ദർശനത്തിനായി.

**നവംബർ 14** ⇨ പിന്നോക്കക്കാരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും സാമ്പത്തിക ഉയർച്ചക്കായി.

**നവംബർ 15** ⇨ ലോകമെമ്പാടുമുള്ള മിഷണറി പ്രവർത്തകരുടെ ദൈവീക സംരക്ഷണക്കായി.

**നവംബർ 16** ⇨ ദൈവഭക്തരായ നേതാക്കളാൽ എല്ലാ രാജ്യങ്ങളും ഭരിക്കപ്പെടുവാൻ.

**നവംബർ 17** ⇨ ശമ്പളം, അച്ചടിസാമഗ്രികൾ, തപാൽ, ശുശ്രൂഷകൾക്കുവേണ്ടിയുള്ള ഗതാഗതം എന്നിവ ഉൾപ്പെടെയുള്ള ഞങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറപ്പെടുവാൻ.

**നവംബർ 18** ⇨ എല്ലാ വിശ്വാസികളുടെയും ഹൃദയങ്ങൾ പ്രകാശപൂരിതമാകുവാൻ.

## നേട്ടം കൊയ്തവർക്കു വേണ്ടിയുള്ള അവാർഡ്!

2025 ഏപ്രിൽ 27 ന് ഞങ്ങളുടെ സഹപ്രവർത്തകരായ സിസ്റ്റർ നാഗജോതി ഐ.പി. എസ്, ബഹുമാനപ്പെട്ട ജഡ്ജി ആഗ്നസ്, സിസ്റ്റർ സി. മേരി മഗ്ദലീൻ എന്നിവർക്ക് അവരുടെ വിശ്വസ്തത, കഠിനാദ്ധ്വാനം, അതത് തൊഴിലുകളിലും ശുശ്രൂഷകളിലും ശ്രദ്ധേയമായ നേട്ടങ്ങൾ എന്നിവയ്ക്കുള്ള അംഗീകാരമായി നേട്ടം കൊയ്തവർക്കുള്ള അവാർഡുകൾ സമ്മാനിച്ചു. വിളിയുടെ പ്രതിധ്വനി ശുശ്രൂഷയാണ് അവാർഡുകൾ സമ്മാനിച്ചത്.

## ശുശ്രൂഷ സംബന്ധമായ മികവിനു നൽകിയ ഡോക്ടറേറ്റ് അവാർഡ്!

മുതിർന്ന അഭിഭാഷകൻ എൻ. ബാലാജി, റവ മോത്തിസ് വിനോദ്, സിസ്റ്റർ ഏഞ്ചലിൻ







*Senior Advocate N. Balaji, Rev. M. Mothis Vinoth and Sis. Angeline Selvakumari Henry got Doctorate in Ministry*

# പ്രത്യേക പരിപാടികൾ!

സെൽവകുമാരി ഹെൻട്രി എന്നിവർക്ക് ആഗസ്റ്റ് 10, 2015 ൽ വിളിയുടെ പ്രതിധ്വനി ശുശ്രൂഷ ഡോക്ടറേറ്റ് ബിരുദം നൽകി ആദരിക്കുകയുണ്ടായി. ദൈവീക ശുശ്രൂഷയിലെ അവരുടെ ആത്മാർത്ഥത, വിശ്വസ്തത, സമർപ്പിത സേവനം എന്നിവ പരിഗണിച്ചാണ് ഈ അവാർഡ് സമ്മാനിച്ചത്.

## വിളിയുടെ പ്രതിധ്വനി ശുശ്രൂഷയുടെ 57-ാം വാർഷികാഘോഷം!

ആഗസ്റ്റ് 10, 2025 ൽ മുഖ്യ സഭയിൽവച്ച് പ്രത്യേക സമ്മേളനത്തിലൂടെ വിളിയുടെ പ്രതിധ്വനിയുടെ 57-ാം വാർഷികാഘോഷം





*Rev. Dr. Stephen Devakumar and Rev. Dr. J. D. Charles - Special Speakers*

സംഘടിപ്പിക്കപ്പെട്ടു. റവ. ഡോ. സ്റ്റീഫൻ ദേവകുമാർ, റവ. ഡോ. ജെ.ഡി. ചാൾസ് എന്നിവർ പ്രത്യേക പ്രാസംഗികരായിരുന്നു. ഈ കൂട്ടായ്മ ദൈവനാമ മഹത്വത്തിനുവേണ്ടിയുള്ളതായിരുന്നു.

## കുട്ടികളുടെ സമർപ്പണം!

സഹോദരൻ മോഹൻ, സിസ്റ്റർ റേച്ചൽ എന്നിവരുടെ പുത്രൻ ജാബെസ് ജെവാൻ, സഹോദരൻ സിംസൺ, സിസ്റ്റർ എസ്തർ എന്നിവരുടെ പുത്രൻ ബെനറ്റിക് എന്നിവർക്കായി കുട്ടികളുടെ സമർപ്പണ ശുശ്രൂഷ നടത്തി.



*Jabez Jevaan, son of Bro. Mohan & Sis. Rachel*



*Benetic son of Bro. Simson & Sis. Esther.*

## Dip.Th. and B.Th. Courses!

ഫലപ്രദമായ ശുശ്രൂഷക്കായി വിദ്യാർത്ഥികളെ സജ്ജരാക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി ചെപ്പോക്കിലെയും സന്തോഷപുരത്തെയും നെഹെമ്യ ബൈബിൾ കോളേജുകളിൽ യഥാക്രമം ഡിപ്ലോമ ഇൻ തിയോളജി (ഡിപ്.ടി.എച്ച്), ബാച്ചിലർ ഓഫ് തിയോളജി (ബി.ടി.എച്ച്) കോഴ്സുകൾ ഉദ്ഘാടനം ചെയ്തു.



*Nehemiah Bible College students in Chepauk*



*Nehemiah Bible College students in Santhoshapuram*

**നെഹെമ്യ ബൈബിൾ കോളേജുകൾ**

ചെപ്പോക്ക് & സന്തോഷപുരം,ചെന്നൈ.

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

**അതിവേഗം അഡ്മിഷൻ നേടുവിൻ!**

**ദൈവശാസ്ത്രത്തിൽ ഡിപ്ലോമ**

ഭാഷ : തമിഴ് (Part time)
ഹിന്ദി (Residential) (Sponsorship available)

കഴിഞ്ഞ 55 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ - 600 005, ഇന്ത്യ
ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## MAIN CHURCH PROGRAMMES

1. Prayer Service : 24 hours
2. **ECHO OF HIS CALL** - Monthly Magazines :English, Tamil, Malayalam, Telugu, Hindi, Kannada, Marathi, Gujarati, Bengali, Odiya, Nepali, Assamese, Punjabi, Urdu, Sinhala & Afrikan.
3. **BIBLECOR -** Basic Bible Courses (English, Tamil & Hindi)
4. Theological Correspondence Courses: English & Tamil
5. Nehemiah Bible Colleges (Chepauk, Santhoshapuram & Velachery)
6. Branch Churches: Santhoshapuram, Balaji Nagar & Velachery
7. Great Commission Partners (Network of Pastors)
8. Training Programmes – Seminars & Retreats
9. Crusades
10. Literature Distribution and Follow Up
11. Gospel Printing Press - Publications
12. St. Paul's Matriculation School - Village English High School
13. Sunday Schools (Chepauk) : 10.30 a.m. Sunday & (Velachery, Balaji Nagar & Santhoshapuram) 3.00 p.m. Sunday
14. **Early Morning Service : 5.30 a.m. Sunday**
15. **Preliminary Service : 8.00 a.m. Sunday**
16. **Tamil Service : 8.30 a.m. Sunday**
17. **Youth Meeting : 11.00 a.m. Sunday**
18. **Fellowship Lunch : 1.00 p.m. Sunday**
19. **Telugu Service : 4.00 p.m. Sunday**
20. **Hindi Service : 5.00 p.m. Sunday**
21. **Tamil & English Service : 6.00 p.m. Sunday**
22. Feedback Time : 7.30 p.m. Sunday
23. Women's Prayer : 5.30 p.m. Wednesday
24. Men's Prayer : 7.30 p.m. Friday
25. Discipleship Meeting : 6.00 p.m. Saturday
26. House Meetings : 6.30 p.m. Tuesday & Thursday
27. Special Holy Communion : 6.00 a.m. 1st day of each month
28. Ministers' Meeting : 5.30 p.m. First Saturday
29. Parents' Prayer : 4.00 p.m. First Sunday
30. Night Prayer : 9.30 p.m. Third Friday
31. Fasting Prayer : 9:30 a.m. Second Saturday
32. Holy Communion : Second Sunday Service
33. Youth / Kid Prayer : 10.00 p.m. daily (over phone)
34. Staff Devotion : 9.00 a.m. daily
35. Office : 9.00 a.m. to 9.00 p.m. (except Sundays)

... 4-ാം പേജിന്റെ തുടർച്ച

എന്നിങ്ങനെ മണിക്കൂറുകളോളം ദൈവീക സാന്നിദ്ധ്യത്തിൽ ചില ദിവസങ്ങളിൽ ചെലവഴിക്കുന്നു. എന്നാൽ മറ്റു ദിവസങ്ങളിൽ മാനസികാവസ്ഥ മോശമായതിനാൽ ബൈബിൾ തുറക്കാനോ അതിനെക്കുറിച്ച് ചിന്തിക്കാനോപോലും അയാൾക്ക് താല്പര്യമില്ല. ഈ പോരാട്ടം എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അദ്ദേഹം എന്നോടു ചോദിച്ചു.

നിങ്ങൾക്കും അങ്ങനെ തോന്നിയേക്കാം. ഈ കെണിയിൽ തന്നെ തുടരരുത്. രക്ഷപ്പെടാനുള്ള ഏക മാർഗ്ഗം മനഃപൂർവ്വമായ ഒരു തെരഞ്ഞെടുപ്പിലൂടെയാണ്. മുന്നോട്ടു പോകുക, വിശ്വസ്തത പാലിക്കുക, നിങ്ങൾക്ക് എന്തു തോന്നിയാലും മുന്നോട്ടു പോകുക എന്നു ഞാൻ അയാളോടു പറഞ്ഞു.

ചിലപ്പോൾ, നിങ്ങൾ മനഃപൂർവ്വം പ്രവർത്തിക്കേണ്ടിവരും-നിങ്ങൾക്ക് അങ്ങനെ തോന്നുന്നതുകൊണ്ടല്ല, മറിച്ച് അത് ആവശ്യമുള്ളതുകൊണ്ടാണ്. ചില സമയങ്ങളിൽ നാം അഭിനയിക്കുകയാണെന്നു തോന്നിയേക്കാം, പക്ഷെ വാസ്തവത്തിൽ നാം പരിശീലിക്കുകയാണ്. സ്ഥിരതയ്ക്ക് അച്ചടക്കം ആവശ്യമാണ്, അച്ചടക്കം മനഃപൂർവ്വമായിരിക്കണം; അല്ലാത്തപക്ഷം നമുക്ക് ലക്ഷ്യം നഷ്ടപ്പെടും.

നാം എന്ത് ആരംഭിച്ചാലും അത് പൂർത്തിയാക്കണം. എന്നാൽ മാത്രമേ നമ്മുടെ പ്രവർത്തനങ്ങൾക്കു പ്രതിഫലം ലഭിക്കൂ എന്ന് ബൈബിൾ നമ്മെ പഠിപ്പിക്കുന്നത്. **ഞങ്ങളുടെ പ്രയത്നഫലം കളയാതെ പൂർണ്ണ പ്രതിഫലം ലഭിക്കുന്നതിന് ഉത്സാഹമുള്ളവരായിരിക്കുക** (2 യോഹന്നാൻ 1:8).

9-ാം പേജിൽ തുടരും...

### ERROR

In our August 2025 Article first page, first para, we mentioned as 75th Independence Day celebration wrongly instead of 79th Independence Day. - Chief Editor


### വിളിയുടെ പ്രതിധ്വനി
**മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം**

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

### നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് **വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.**

| | | |
|---|---|---|
| **Account Name** | : | **ECHO OF HIS CALL EDUCATIONAL TRUST** |
| **Account Number** | : | **1023 2923 805** |
| **Bank Name** | : | **STATE BANK OF INDIA** |
| **Branch** | : | **TRIPLICANE, CHENNAI - 600 005** |
| **IFSC Code** | : | **SBIN 0000249** |
| **SWIFT Code** | : | **SBI NIN BB 455** |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

„വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ” (മത്തായി 24:15)

## ഈ ആഴ്ചയിലെ പ്രാർത്ഥനയ്ക്ക് ദൈവം ഉത്തരം നൽകുന്നു!



ശുശ്രൂഷാപരിശീലനം, ലഘുലേഖ വിതരണം, പ്രാർത്ഥനാ യോഗങ്ങൾ നയിക്കുക, പള്ളികളിലെ വചനശുശ്രൂഷ എന്നിവയിലൂടെ 10-08-1969 മുതൽ ദൈവകൃപയാൽ എന്റെ സുവിശേഷ ശുശ്രൂഷ ആരംഭിച്ചു.

ഞാൻ ചെറുപ്പവും ഈ മേഖലയിൽ പുതിയ ആളുമായതിനാൽ ആരും എന്നെ ഒരു ദൈവദാസനായി തിരിച്ചറിഞ്ഞില്ല. ശുശ്രൂഷയിൽ നിലനിന്നു പോരാടുവാൻ എന്റെ സാമ്പത്തികശേഷി വലിയ വെല്ലുവിളിയുമായിരുന്നു. അതിനാൽ ശുശ്രൂഷയിൽ തുടരുവാൻ എനിക്ക് ഓരോ ദിവസവും കിലോമീറ്ററുകൾ നടക്കേണ്ടി വന്നു. അതിനാൽ ദീർഘയാത്രയും പട്ടിണിയും എന്റെ ദിനചര്യയുടെ ഭാഗമായിരുന്നു. ശുശ്രൂഷ ചെയ്യുവാനും ശുശ്രൂഷ സംബന്ധമായ ഉപകരണങ്ങൾ വാങ്ങുവാനും വലിയ തുക ആവശ്യമായിരുന്നു.

ശുശ്രൂഷയുടെ ആരംഭം മുതൽ തന്നെ എന്റെ സുഹൃത്തുക്കളിൽനിന്നോ ബന്ധുക്കളിൽനിന്നോ ഒരു തരത്തിലുമുള്ള പിന്തുണയും ആവശ്യപ്പെടാനുള്ള സാഹചര്യം ഉണ്ടാകരുതെന്ന് എനിക്ക് ആഗ്രഹം ഉണ്ടായിരുന്നു. കാരണം, ദൈവം എന്നെ തന്റെ ശുശ്രൂഷയ്ക്കു വിളിച്ചതിനാൽ അതിനുണ്ടാകുന്ന ചെലവുകളും അവൻ തന്നെ വഹിക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. ഇന്നുവരെ ഈ തത്ത്വത്തിൽ ഉറച്ചു നിൽക്കുവാൻ ദൈവം എന്നെ സഹായിക്കുന്നു. ഈ തത്ത്വം പിന്തുടരുന്നതിനാൽ പറഞ്ഞറിയിക്കാനാകാത്ത ബുദ്ധിമുട്ടുകളും വെല്ലുവിളികളും ഞാൻ നേരിടുന്നുണ്ട്.



ഒരു പ്രത്യേക സാഹചര്യം നേരിടാൻ കഴിയാത്ത സാഹചര്യം എനിക്കുണ്ടായതിനാൽ ഞാൻ ശാരീരികവും മാനസികവുമായി തകർന്നു. എന്റെ ബന്ധുവായ ശ്രീ. സ്വർണ്ണരാജ് ഗതാഗത വകുപ്പിൽ എനിക്ക് ഒരു സർക്കാർ ജോലിക്കുവേണ്ടിയും മത്തിക്കോട് പാലപ്പള്ളത്തുള്ള ദൈവദാസനായ കോളിൻസും എന്റെ ഒരു സുഹൃത്തും ഒരു പ്രൈവറ്റ് സ്ഥാപനത്തിൽ എനിക്കുവേണ്ടി ഒരു ജോലി ശരിയാക്കുവാനുംവേണ്ടി കഠിനമായി പരിശ്രമിച്ചു എങ്കിലും അതൊന്നും വിജയിച്ചില്ല.

ഈ സാഹചര്യത്തിൽ, 17-05-2017ൽ ഞാൻ ഉപവാസത്തിലായിരുന്നപ്പോൾ ഒരു സ്ഥിരജോലിക്കായി പ്രാർത്ഥിക്കുവാൻ കർത്താവിന്റെ ആത്മാവ് എന്നെ പ്രേരിപ്പിച്ചു. ഈ പ്രാർത്ഥനയുടെ ഫലമായി “ഒരു മാസത്തിനുള്ളിൽ ഞാൻ നിനക്ക് ഒരു ജോലി തരും, നിനക്ക് അതിലൂടെ ജീവിക്കാൻ സാധിക്കും” എന്ന വാക്കുകളിലൂടെ എനിക്ക് ഒരു ബോദ്ധ്യം ദൈവം തന്നു. തിരുവചനം ഇപ്രകാരം പറയുന്നു: **അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളതു നമുക്ക് അവനോടുള്ള ധൈര്യം ആകുന്നു. നാം എന്തു അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയുന്നുവെങ്കിൽ അവനോടു കഴിച്ച അപേക്ഷ നമുക്കു ലഭിച്ചു എന്നും അറിയുന്നു** (1 യോഹന്നാൻ 5:14,15). എനിക്കു ഒരു ജോലി ലഭിച്ചു എന്നു വിശ്വസിച്ച് അതിൽ ചേരുവാനുള്ള എല്ലാ തയ്യാറെടുപ്പുകളും ഞാൻ ചെയ്തു. ഞാൻ ഇതൊക്കെ ചെയ്യുന്നതു കണ്ടപ്പോൾ പലരും എന്റെ മാനസികാവസ്ഥയെ സംശയിച്ചു. പക്ഷെ അതൊന്നും ഞാൻ ശ്രദ്ധിച്ചില്ല, ഞാൻ കർത്താവിൽ പൂർണ്ണമായും വിശ്വസിച്ചു.

ദിവസങ്ങൾ കടന്നുപോകവെ, ഞാൻ എല്ലാ ദിവസവും പോസ്റ്റ്മാനെ ആകാംക്ഷയോടെ കാത്തിരുന്നു. കൃത്യമായി ഒരു മാസം കടന്നുപോയി. 18-06-1971 ൽ ഞാൻ കർത്താവിലുള്ള വിശ്വാസത്തോടെ പോസ്റ്റ്ഓഫീസിലേക്ക് പോയി. പോസ്റ്റ്മാനായ ശ്രീ നെല്ലയ്യൻ എനിക്ക് കത്ത് ഒന്നും ഇല്ല എന്നു സൂചന തന്നു. എന്നിട്ടും കർത്താവിന്റെ വാഗ്ദത്തത്തിൽ വിശ്വസിച്ച് ഞാൻ അവിടെ ഇരുന്ന് പ്രാർത്ഥിക്കാൻ തുടങ്ങി. ഏതാനും മിനിട്ടുകൾക്കുള്ളിൽ എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് അതേ പോസ്റ്റ്മാൻ എന്നോടു ഇങ്ങനെ പറഞ്ഞു: “സാം, നിനക്ക് ഒരു രെജിസ്റ്റേർഡ് കത്ത് വന്നിട്ടുണ്ട്, പോയി ഒപ്പിട്ടു വാങ്ങു”.











*1994 ൽ ഞാൻ സർക്കാർ ജോലിയിൽ നിന്നും വിടുതൽ പ്രാപിച്ചപ്പോൾ എന്നെ യാത്രയയച്ച ചീഫ് ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസും സഹപ്രവർത്തകരും*



*1994 ൽ ഞാൻ സർക്കാർ ജോലി വിട്ടപ്പോഴുള്ള എന്റെ സഹപ്രവർത്തകർ*

കത്ത് തുറന്നപ്പോൾ, ചെന്നൈയിലെ **തമിഴ്നാട് പബ്ലിക് സർവ്വീസ് കമ്മീഷൻ** ഓഫീസിൽ നിന്നും തൊഴിൽ വകുപ്പിൽ ജോലി ലഭിച്ചതായുള്ള നിയമന ഉത്തരവായിരുന്നു. ചില വർഷങ്ങൾക്കുമുമ്പ് എഴുതിയ പരീക്ഷയുടെ ഫലമായിരുന്നു ആ നിയമന ഉത്തരവ്. എന്റെ തീഷ്ണമായ പ്രാർത്ഥനയുടെ ഫലമായി അത്ഭുതം സംഭവിച്ചു. അതെ, പ്രാർത്ഥന ഒരു അത്ഭുതകരമായ ആത്മീയ ആയുധമാണ്.

സന്തോഷത്തോടെ ഞാൻ ചെന്നൈയിൽ വന്ന് ജോലിയിൽ പ്രവേശിച്ചു. എന്റെ ശമ്പളത്തിന്റെ സിംഹഭാഗവും എന്റെ ശുശ്രൂഷയ്ക്കുവേണ്ടി വിനിയോഗിച്ചു. ദൈവീകകൃപയാലും മനുഷ്യരുടെ സഹായത്താലും എന്റെ ജോലിയോടൊപ്പം സുവിശേഷപ്രവർത്തനവും ചെയ്യാൻ സർക്കാർ അനുവാദം തന്നു. പിന്നീട്, 1994ൽ ദൈവം എന്നോട് ജോലി ഉപേക്ഷിച്ച് പൂർണ്ണസമയ സുവിശേഷപ്രവർത്തകനാകാൻ ആവശ്യപ്പെട്ടപ്പോൾ ഞാൻ അനുസരിച്ചു പൂർണ്ണസമയ സുവിശേഷപ്രവർത്തകനായി.

നമ്മുടെ ദൈവം നല്ലവനാണ്! അവൻ കൃത്യനിഷ്ഠ ഉള്ളവനാണ്! അവനെ മുറുകെ പിടിക്കുവിൻ!! നിങ്ങൾക്കു വിജയം ഉണ്ടാകും!!! ഇന്ന് അവൻ നിങ്ങളെ ശ്രദ്ധയോടെ വീക്ഷിച്ചുകൊണ്ടിരിക്കുന്നു.

**സ്ഥിരമാനസൻ നിന്നിൽ ആശ്രയം വെച്ചിരിക്കകൊണ്ടു നീ അവനെ പൂർണ്ണ സമാധാനത്തിൽ കാക്കുന്നു** (യെശയ്യാവ് 26:3).

*************

*7-ാം പേജിന്റെ തുടർച്ച...*

ഓട്ടം വിശ്വസ്തതയോടെ ഓടാൻ കർത്താവ് നമ്മെ ശക്തിപ്പെടുത്തട്ടെ. അവൻ നമ്മെ വിളിച്ചിരിക്കുന്ന വേല പൂർത്തിയാക്കിയാൽ അവൻ കാഹളനാദത്തോടെ മടങ്ങിവരുമ്പോൾ നമുക്ക് പ്രതിഫലം ലഭിക്കും.

അവസാനമായി, ദൈവരാജ്യത്തെ എതിർക്കുന്നവരോട് ജാഗ്രത പാലിക്കാൻ തിരുവെഴുത്ത് നമ്മെ പഠിപ്പിക്കുന്നു. **അവൻ നമ്മുടെ പ്രസംഗത്തോടു അത്യന്തം എതിർത്തുനിന്നതുകൊണ്ടു നീയും അവനെ സൂക്ഷിച്ചുകൊൾക** (2 തിമൊഥെയോസ് 4:15).

ബൈബിൾ നമ്മെ പഠിപ്പിക്കുന്നത് എല്ലാവരെയും സ്നേഹിക്കാനും ക്ഷമയോടെ കാത്തിരിക്കാനും പഠിപ്പിക്കുന്നു. **കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകല മനുഷ്യരോടും സമാധാനമായിരിപ്പിൻ** (റോമർ 12:8). സഭയിലും സമൂഹത്തിലും ക്രിസ്തുവിന്റെ ശരീരത്തിന്റെ ഐക്യത്തെ ദുർബലപ്പെടുത്തുന്നവരെ നാം സഹിച്ചേക്കാം. എന്നാൽ വചനത്തിനും ദൈവീക പ്രവൃത്തിക്കും എതിരെ പ്രവർത്തിന്നവരെ പൗലൊസ് ശക്തമായി ഉപദേശിക്കുന്നത് നാം ഇവിടെ കാണുന്നു.

നമ്മെത്തന്നെ സൂക്ഷിക്കാനും, ജാഗരൂകരായിരിക്കാനും, വ്യാജപഠിപ്പിക്കലുകൾക്കെതിരെ ജാഗ്രത പാലിക്കാനും അദ്ദേഹം നമ്മെ പഠിപ്പിക്കുന്നു. ഈ അന്ത്യനാളുകളിൽ, ബൈബിൾ ഇതിനകം നമുക്കു മുന്നറിയിപ്പു നൽകിയതുപോലെ, സത്യം പ്രഖ്യാപിക്കുന്നതിനു പകരം ആളുകളുടെ മനസ്സുകളും ആഗ്രഹങ്ങളും തൃപ്തിപ്പെടുത്തുന്നതിനുവേണ്ടിയാണ് നിരവധി പഠിപ്പിക്കലുകൾ അവതരിക്കുന്നത്. തങ്ങളുടെ സഭകളെ അപമാനിക്കുമെന്നു ഭയന്ന് പ്രാസംഗികരു പലപ്പോഴും സത്യം സംസാരിക്കുന്നത് ഒഴിവാക്കുന്നു. തൽഫലമായി, എല്ലാ തലങ്ങളിലും വിട്ടുവീഴ്ചകൾ കാണപ്പെടുന്നു.

നാം **മനുഷ്യരെക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു** (പ്രവൃത്തികൾ 5:29) എന്ന് പത്രൊസ് പ്രഖ്യാപിച്ചപ്പോൾ അദ്ദേഹം കാണിച്ച ധൈര്യത്തിൽ ഞാൻ അത്ഭുതപ്പെടുന്നു. ഇന്ന് എത്ര നേതാക്കളും വിശ്വാസികളും അത്തരത്തിൽ ഒരു പ്രസ്താവന നടത്താൻ തയ്യാറാണ്? എല്ലാ സാദ്ധ്യതകളെയും നേരിടാൻ നമുക്ക് ധൈര്യമുണ്ടോ? ദൈവവചന വിരുദ്ധമായതിനാൽ ഞാൻ ഈ വ്യക്തിയെയോ ഈ തീരുമാനത്തെയോ സ്വീകരിക്കയില്ല എന്നു ധൈര്യത്തോടെ നമുക്കു പറയാൻ കഴിയുമോ? ഈ സന്ദർഭത്തിലാണ് ഈ അവസാന നാളുകളിൽ നമ്മെത്തന്നെ സൂക്ഷിക്കാൻ ദൈവം നമ്മെ വിളിക്കുന്നത്.

പ്രിയ സുഹൃത്തുക്കളേ, നമ്മുടെ ജീവൻ സംരക്ഷിക്കാൻ ബൈബിൾ നിർദ്ദേശിക്കുന്ന ഏഴ് മേഖലകളെക്കുറിച്ചു നാം ചിന്തിച്ചു. നമ്മെത്തന്നെ സംരക്ഷിക്കാനും അവന്റെ വചനത്തിൽ ഉറച്ചുനിൽക്കാനും ദൈവം നമുക്ക് ജ്ഞാനവും ധൈര്യവും നൽകട്ടെ എന്നാണ് എന്റെ പ്രാർത്ഥന - അവന്റെ വരവ് വളരെ അടുത്തിരിക്കുന്നു.

ദൈവം നിങ്ങളെയെല്ലാം അനുഗ്രഹിക്കട്ടെ!

**********

**അറിയിപ്പ്**

**(+91) 9841071858, (+91) 9841271858 എന്ന ഞങ്ങളുടെ മുഖ്യ മൊബൈൽ നമ്പറുകൾ നിങ്ങളുടെ മൊബൈൽ ഫോണുകളിൽ സേവ് ചെയ്യുവിൻ.**

-എഡിറ്റർ

"Egmore RMS Patrika Channel" RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## Echo of His Call

**YouTube**
Please subscribe

Kindly view and subscribe our Echo of His Call YouTube Channel when you get time. Thanks.

\- Editor

## OUR BANK DETAILS:

### 1. Bank : State Bank of India

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

### 2. Bank : ICICI Bank

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

### 3. Bank : State Bank of India

(This Account is for Tax Exemption for Indians only )

Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

Google Pay: 98410 71858
PayPal : SAM SELVA RAJ

*****

E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

**വാർഷിക വരിസംഖ്യ : 100/- രൂപ** **ആയുഷ്കാല വരിസംഖ്യ : 2000/- രൂപ**

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

**ECHO OF HIS CALL**
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.org

**YOU CAN SEND YOUR DONATION ONLINE ALSO**

**Regd. with the RNI under No. 55468/94**
**Licenced to post without pre-payment**
**Postal Regn. No. TN/CH (C) /199/24-26**
**Licence No. WPP. No. TN/PMG(CCR)/WPP-221/24-26**
**Date of Publication: First week of every month**
**Date of Posting : 3rd & 4th of every month Posted at "Egmore RMS Patrika Channel"**
**on 4th OCTOBER 2025.**
**If un-delivered please return to:**
**ECHO OF HIS CALL (MALAYALAM)**
**P.O. Box No. 2957, Chepauk, Chennai - 600 005, INDIA.**
**Phone: (+ 91- 44) 2852 8282, 2852 9293, 2854 7766**

*JESUS LOVES YOU!*

To

GOD BLESS YOU!

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers**, New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**